PAY OF NURSES ,ETC.—DETAILS REGARDING

215. Mr. K. I. Velayudhan *(Ezhuvas-Talappalli):* Will Government be pleased to state.—

(*a*) what are the different grades of pay of the nurses, ward sisters and mothers in hospitals ;

(*b*) what is the nature of the work turned out by them; is there any material difference;

(*c*) is it a fact that the nurses are given only biennial increments while the sisters and mothers are given annual increments ; if so, what is the principle underlying this different treatment; can a nurse aspire for promotion to the higher grades enjoyed by sisters and mothers ?

Rao Bahadur T. K. Nayar (*Minister for Public Health*) :

(*a*) Mother Superior, General Hospital	..	Rs. 100.
Mother Superior, Civil Hospital, Trichur	..	Rs. 75.
Ward Sisters	..	Rs. 60—4—80.
Nurses	..	Rs. 30-5/2-60.

(*b*) Yes. Their work is slightly different although they all are nurses. The Mother Superior or the Matron is their immediate administrative superior and it is her function to allot work and post them to different wards, to see that the work is done well. The Sisters are in charge of wards. They have to supervise the work of nurses and train them.

(*c*) Yes. There is no definite principle. Yes.

മിസ്റ്റർ കെ. ഐ. വേലായുധൻ : സിസ്റ്റേഴ്സിനേയും മദർ സുപ്പീരിയരേയും ജനറൽ ആശുപത്രിയിൽ നിയമിച്ചു തുടങ്ങിയിട്ട് എത്രകാലമായി ?

റാവുബഹദൂർ ടി. കെ. നായർ : വളരെക്കാലമായിട്ടുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഈ കാലത്തിന്നിടയിൽ ഏതെങ്കിലും സിസ്റ്റർ സിന്റെ വേക്കൻസി വന്നാൽ അതിനു നഴ്സ സിനെ പ്രമോട്ടുചെയ്തിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : നോട്ടീസ് വേണം. പ്രമോട്ടു ചെയ്യാൻ തടസ്സമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ : എന്താണ് ഈ സിസ്റ്റേഴ്സിന്റേയും നഴ്സസിന്റേയും ജോലി തമ്മിലുള്ള വ്യത്യാസം ?

റാവുബഹദൂർ ടി. കെ. നായർ : Answer Bയിൽ അതിന്റെ വ്യത്യാസത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. "and it is her function (mother-superior's) to allot work and post them to different wards. The sisters are in charge of wards." നെഴ്സസ് ഓരോ രോഗികളുടെ ശുശ്രൂഷക്കും Attend ചെയ്യണം.

മിസിസ്സ് ടി. ഫ്രാൻസിസ്സ് : നഴ്സസിനെ മദേഴ്സിന്റേയൊ, സിസ്റ്റേഴ്സിന്റേയൊ സ്ഥാനത്തേക്കു പ്രമോട്ടുചെയ്യാൻ വിരോധമില്ലെന്നു പറഞ്ഞു. എന്നാൽ അവരുടെ പ്രമോഷൻ പെട്ടെന്നു Jump ചെയ്യാവുന്ന ഒന്നാണൊ ?

റാവുബഹദൂർ ടി. കെ. നായർ : സീനിയോറിറ്റി നോക്കിയാണ് പ്രമോഷൻ കൊടുക്കുക.

മിസ്റ്റർ കെ. ഐ. വേലായുധൻ : സിസ്റ്റേഴ്സിനു കൊല്ലംതോറും ഇൻക്രിമെന്റുണ്ട്. അതുപോലെ എന്തുകൊണ്ടു നഴ്സുമാക്കും കൊടുത്തുകൂടാ ?

റാവുബഹദൂർ ടി. കെ. നായർ : ഇപ്പോൾ ൨ കൊല്ലം കൂടുമ്പോൾ @ രൂപയാണ് ഇൻക്രിമെന്റ്. അതു കൊല്ലംതോറുമാക്കിയാൽ ൨½ രൂപാവീതം കൊല്ലത്താൽ കൊടുക്കേണ്ടിവരും. അങ്ങിനെ ആക്കണമെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ : മദർ എന്നു പറയുന്നതു മേട്രനാണ്. വാർഡ് സിസ്റ്റേഴ്സ് എന്നു പറയുന്നതു വാർഡ് ചാർജ്ജുള്ളവരുമാണ്. ഇവരുടെ ഒഴിവുകളിലേയ്ക്ക് ഈ നഴ്സസിനെ പ്രമോട്ടുചെയ്യാൻ വിരോധമുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : മുമ്പ് എത്രതന്നെ നിർബ്ബന്ധമുണ്ടായിരുന്നാലും ഇപ്പോൾ അതിനു യാതൊരു തടസ്സവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സിസ്റ്റേഴ്സ് ഒക്കെ കാളിഫൈഡ് നാൻസ് ണൊ?

റാവുബഹദൂർ ടി. കെ. നായർ: ആണൊ എന്ന തീച്ചു അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവക്ക ആശുപത്രിയിൽ Night duty ഉണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടെന്ന പറയാമെന്നല്ലാതെ, ഓരോരുത്തരുടേയും ജോലിയെക്കുറിച്ചു പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നൈറ്റ്ഡ്യൂട്ടി ഉള്ളവക്ക ശമ്പളത്തിൽ വ്യത്യാസമുണ്ടൊ എന്നറിയാനാണ്.

റാവുബഹദൂർ ടി. കെ. നായർ: ശമ്പളം കൂടുതലുള്ളവക്ക നൈറ്റ്ഡ്യൂട്ടി കൊടുക്കുന്നില്ലെന്നും, ശമ്പളം കുറവുള്ളവക്ക ജോലി കൂടുതലുണ്ടെന്നും, അവക്ക നൈറ്റ്ഡ്യൂട്ടി ഉണ്ടെന്നും അതുകൊണ്ട് അവക്ക ശമ്പളം കൂടുതൽ കൊടുക്കണമെന്നും പറയുന്ന തത്വം ശരിയല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തുകൊണ്ടാണതു? ട്രെയിനിംഗ് പാസ്സാകാത്ത ആളുകളാണ ഈ സിസ്റ്റേഴ്സ്. അവക്ക നൈറ്റ്ഡ്യൂട്ടി കൊടുക്കുന്നില്ല. പരീക്ഷയില്ല. ഇവക്ക ശമ്പളം കൂടുതലും. എന്നാൽ നഴ്സസിനു ട്രെയിനിംഗ് ഉണ്ടു. പരീക്ഷ പാസ്സാകണം. അവക്ക നൈറ്റ്ഡ്യൂട്ടിയും ചെയ്യണം ശമ്പളം കുറവും ആണ്. ഇതു ശരിയല്ലേ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷിച്ചു മറുപടി പറയാം. നോട്ടീസ് വേണം.

മിസിസ്സ് ടി. ഫ്രാൻസിസ്: ഈ പരീക്ഷയും ട്രെയിനിംഗും മറ്റും ഇല്ലെന്ന പറഞ്ഞിട്ടുള്ളവർ നഴ്സസൊ, അല്ലെങ്കിൽ സിസ്റ്റേഴ്സൊ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ് വേണം.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I take it, Sir, that these mothers have no children? I should like to know that, Sir.

റാവു ബഹദൂർ ടി. കെ. നായർ: ഇല്ലെന്നുപറയാനെ തരമുള്ളു.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I want to put another supplementary question, Sir, if you will allow me. Now that it is so known that these Mothers mentioned here have no children will you be pleased to call them by some other proper name than Mother. Why insult a mother without childern by calling her a mother—a mere miss woman?

റാവു ബഹദൂർ ടി. കെ. നായർ: അതു ഇവിടെ ഒന്ന മാറിവരുന്നുണ്ട്. മദർ സുപ്രീരിയർ അല്ലെങ്കിൽ മെട്രൺ എന്ന പറയുന്നുണ്ട്.

Mr. President: We are concerned with the pay of these officers.

Mr. P. Govinda Menon, *(Minister for Food and Education)*: But the Hon'ble Member is called a father by several people *(Laughter)*.

Mr. P. Kumarrn Ezhuthassan *(Vadakkancheri)*: Yes, I am a father and I have children.

Mr. President: Order, order. That does not arise here,

മിസിസ്സ് കെ. എം. ആർ. മേനോൻ: നൈറ്റ് ഡ്യൂട്ടിയുള്ളവക്ക് പകൽ ഡ്യൂട്ടി ഇല്ലല്ലൊ? ഷിഫ്റ്റ് അല്ലെ പതിവു. പകലും രാത്രിയും ഒരു നേഴ്സിനെക്കൊണ്ട പണിയെടുപ്പിക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഒരിക്കലുമില്ല.

Mr. P. A. Mohamed Ashrof *(Cranganur)*: May I know, Sir, whether the Committee appointed to enquire into the grievances of the nurses have submitted their report?

Rao Bahadur T. K. Nayar *(Minister for Public Health)*: Yes, they have submitted their report.

Mr. P. Mohamed Ashrof *(Cranganur)*: When was it submitted?

Rao Bahadur T. K. Nayar *(Minister for Public Health)*: Recently.

മിസ്റ്റർ കെ. എ. രാഘവൻ: മദ്രാസിൽ ഈ നെഴ്സസിന്റെ ശമ്പളതോതു എന്താണ്?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: എറണാകുളത്തും തൃശ്ശിവപേരൂരും മദർ സുപ്പീരിയർ എന്ന പേരിലുള്ള ഉദ്യോഗം കാണുന്നുണ്ട്. എന്നാൽ മദർ സുപ്പീരിയർ എന്നു പറയുന്നതു് ഉദ്യോഗപ്പേരല്ല. അതു മതപരമായ ഒരു പേരാണു്. മേടൺ എന്നാണു് ഉദ്യോഗപ്പേരു്. അപ്പോൾ ആ സ്ഥാനത്തേക്കു് ഈ മദർ സുപ്പീരിയറായിട്ടുള്ളവരെ മാത്രമേ വെക്കാൻ പാടുള്ളുവെന്ന നിയമമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: മേടൺ എന്ന ഉദ്യോഗമുണ്ടു്. അതിപ്പോൾ മദർ സുപ്പീരിയർ എന്ന സ്ഥാനമുള്ളവരായിരിക്കാം വഹിക്കുന്നതെന്നല്ലാതെ ആ സ്ഥാനത്തു വേറെ ആളെ വെയ്ക്കാൻ പാടില്ലെന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: ഒരു കമ്മിറ്റിയെ വെച്ചിട്ടുണ്ടല്ലൊ. അവരുടെ റിപ്പോർട്ടിലെന്താണു് നേഴ്സുമാരുടെ ശമ്പളത്തെപ്പറ്റി പറഞ്ഞിരിക്കുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റിയുള്ള വിവരങ്ങൾ ഇപ്പോഴെത്തന്നെ ചോദിച്ചാലും ഒന്നും പറയൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ജനങ്ങളെ ശ്വാസംമുട്ടിക്കുവാനുള്ള നിയമങ്ങൾ നടപ്പിലാക്കുവാനായിക്കൊണ്ടു് മദ്രാസ്സു് ഗവൺമെണ്ടിന്റെ പിന്നാലെ ഓടുന്ന കൊച്ചി ഗവൺമെണ്ടിന്നു ആ മദ്രാസു് ഗവൺമെണ്ടു കൊടുക്കുന്ന ശമ്പളം നേഴ്സുമാർക്കു കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാൻ ദയവുണ്ടാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെക്കുറിച്ചൊക്കെ ആലോചിക്കാനാണു കമ്മിറ്റിയെ വെച്ചതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇനി മേടന്റെ സ്ഥാനം ഒഴിവുവന്നാൽ ഈ നെഴ്സുമാരേയൊ ട്യൂട്ടർ നെഴ്സുമാരേയൊ പ്രമോട്ടു ചെയ്യുമൊ?

റാവു ബഹദൂർ ടി. കെ. നായർ: വിരോധം ഇല്ലെന്നു പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: കൊച്ചി രാജ്യത്തിൽ മദർ സുപ്പീരിയരെ നിയമിച്ചു തുടങ്ങീട്ടു് എത്ര കാലമായി?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ്സു് വേണം.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: മദർ സുപ്പീരിയരും സിസ്റ്റേഴ്സും മറ്റും Religious ആയിട്ടുള്ള പേരുകളാണു്. അവക്കു പരീക്ഷ ഇല്ല; ട്രെയിനിംഗ് ഇല്ലെന്നൊക്കെ ചിലർ പറഞ്ഞു. ഇതിൽ രണ്ടൊ നാലൊ സിസ്റ്റേഴ്സ് കൽക്കട്ടയിൽ പോയി പാസ്സായവരാണെന്നു ഗവൺമെണ്ടിനു് അറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: കൽക്കട്ടയിൽപോയിവന്നിട്ടുള്ള രണ്ടുപേരുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: സാധാരണ സിസ്റ്റേഴ്സിനെ ഇപ്പോഴും മദർ സുപ്പീരിയരായും വാർഡ് സിസ്റ്റേഴ്സ് ആയും നിയമിക്കാൻ വിരോധമില്ലെന്നു പറഞ്ഞു. എന്നാൽ ഈ പേരുകളും രണ്ടും ഒരു പ്രത്യേക മതപരമായ പേരുകളാകയാൽ ആ പേരു രണ്ടും മാറ്റി ആ ഉദ്യോഗങ്ങൾക്കു വേറെ ഏതെങ്കിലും ഔദ്യോഗികനാമം കൊടുക്കുമോ?

റാവു ബഹദൂർ ടി. കെ. നായർ: ആലോചിക്കാൻ വിരോധമില്ല.

ADMISSION TO MAHARAJA'S COLLEGE

216. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ അഡ്മിഷനെ സംബന്ധിച്ചു വല്ല നിയമവും പ്രയോഗത്തിൽ ഇരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി നിയമത്തിന്റെ ഒരു പകർപ്പു സദയം മേശപ്പുറത്തു വെക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) ഒരു പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly